# പതിമൂന്നാം കേരള നിയമസഭ

## വിഷയനിർണ്ണയ സമിതി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

# 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

(2015 ജൂലൈ 22-ാം തീയതി സമർപ്പിച്ചത്)
(Presented on 22nd July, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

811/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (2013-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി

അംഗങ്ങൾ :

| | | |
|---|---|---|
| ശ്രീ. | എ. കെ. ബാലൻ, എം. എൽ. എ. | |
| ,, | എം. ചന്ദ്രൻ, | " |
| ,, | പി. കെ. ഗുരുദാസൻ | " |
| ,, | എം. ഹംസ | " |
| ,, | പി. എ. മാധവൻ | " |
| ,, | എൻ. എ. നെല്ലിക്കുന്ന് | " |
| ,, | എ. കെ. ശശീന്ദ്രൻ | " |
| ,, | കെ. ശിവദാസൻ നായർ | " |
| ,, | എം. എ. വാഹീദ് | " |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ ചെയർമാനായ ഞാൻ 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിഷയനിർണ്ണയ സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)പ്രകാരം സമർപ്പിക്കുന്നു.

2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

വിഷയനിർണ്ണയ സമിതി VII-ന്റെ നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റ് സമിതിയുടെ 21-10-2014, 11-2-2015, 20-7-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശിപാർശകളും ചേർത്തിരിക്കുന്നു.

2015 ജൂലൈ 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 ജൂലൈ 20.

# റിപ്പോർട്ട്

<u>ഭാഗം I</u>

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

## തൊഴിലും നൈപുണ്യവും വകുപ്പ്

<u>ശിപാർശ</u>

2210-01-102-96—<u>ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്</u>

വിഹിതം : 10,02,00,000 രൂപ (നോൺ പ്ലാൻ)

04—<u>മെഡിക്കൽ ക്ലെയിംസിന്റെ റീഇംബേഴ്സ്മെന്റ്</u>

വിഹിതം : 8,80,00,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിലെ ധാരാളം റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ തുകകൾ നൽകേണ്ടതുള്ളതിനാലും ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നതിനാലും 2014-15 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 620 ലക്ഷം രൂപ ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഒരു കോടി രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചു റീഇംബേഴ്സ്മെന്റ് ഇനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും സർക്കാരിലേക്ക് ലഭിക്കാനുള്ള തുക നേടിയെടുക്കാൻ അടിയന്തര നടപടികൾ ആരംഭിച്ചു

ശിപാർശ

2230-01-101-99---കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 19,81,000 രൂപ (നോൺ പ്ലാൻ)

മിനിമം വേജസ് ഉപദേശക സമിതി ചെയർമാന്റെ ഓണറേറിയം നവംബർ 2013 മുതൽ പ്രതിമാസം 12,000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവ് എന്ന ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 24,000 രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ നിലവിലെ വിഹിതം കൂടാതെ 1.2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

മിനിമം വേതന ഉപദേശക സമിതി ചെയർമാന് സർക്കാരിന്റെ 27-11-2013-ലെ സ.ഉ. (സാധാ.) നമ്പർ 1937/13/തൊഴിൽ പ്രകാരം വർദ്ധിപ്പിച്ച് നൽകിയതു പ്രകാരം കുടിശ്ശികയിനത്തിൽ നൽകേണ്ട ഓണറേറിയം തുക ₹ 1,70,000 (ഒരു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) 2230-01-101-99-28 എന്ന ശീർഷകത്തിൽ അധിക തുകയായി അനുവദിച്ച് സർക്കാരിന്റെ 27-8-2014-ലെ സ.ഉ. (സാധാ.) നമ്പർ 6708/2014/ധന. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

ശിപാർശ

2230-01-103-96---കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ 2013-14 സാമ്പത്തിക വർഷത്തെ മൂന്ന് മാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5645.33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

2014-15 കാലയളവിൽ കശുവണ്ടി തൊഴിലാളികൾക്ക് ബഡ്ജറ്റിൽ അനുവദിച്ച 1 കോടി രൂപ 22-8-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1158/2014/തൊഴിൽ ഉത്തരവു പ്രകാരം അനുവദിച്ചു നല്കിയിരുന്നു. മേൽപ്പറഞ്ഞ തുകയ്ക്ക് പുറമെ 1-9-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1212/2014/തൊഴിൽ പ്രകാരം 18,75,32,000 രൂപ കൂടി അനുവദിച്ചു നൽകിയിരുന്നു. ടി തുക 1-1-2014 മുതൽ 30-6-2014 വരെ പെൻഷൻ നൽകുന്നതിനാണ് അനുവദിച്ചു നൽകിയിരുന്നത്.

ശിപാർശ

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്നതിനാണ് ഈ പദ്ധതി. മരംകയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകി വരുന്നു. ഈ തുക കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത തുകകൾ യഥാക്രമം 2,00,000 രൂപയും 1,00,000 രൂപയുമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

28-11-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 150/2014/തൊഴിൽ ഉത്തരവ് പ്രകാരം മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് നൽകി വരുന്ന 25,000 രൂപ 50,000 രൂപയായും തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് നൽകിവന്നിരുന്ന 50,000 രൂപ 1,00,000 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുകകൾ യഥാക്രമം 1,00,000, 2,00,000 രൂപ നിരക്കിൽ വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ അടുത്ത ബഡ്ജറ്റ് രൂപീകരണ സമയത്ത് സമർപ്പിക്കുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2013-14 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക 2013 ഒക്ടോബർ വരെയുള്ള അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ നൽകുവാൻ മാത്രമേ പര്യാപ്തമായിരുന്നുള്ളൂ. 2013 നവംബർ മുതൽ മാർച്ച് വരെയും 2014-15 സാമ്പത്തിക വർഷത്തെയും ആനുകൂല്യ വിതരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-94 (നോൺ പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും 18-8-2014-ലെ സ.ഉ. (സാധാ.) നമ്പർ 1111/14/തൊഴിൽ പ്രകാരം 54,50,000 രൂപ പിൻവലിക്കുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നല്കിയിരുന്നു. ബഡ്ജറ്റ് വിഹിതത്തിൽ ഇനി 45,50,000 രൂപ മിച്ചമുണ്ട്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം ഭരണാനുമതിയുൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം യുക്തമായ ശിപാർശ സമർപ്പിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി

വിഹിതം : 50,00,000 രൂപ (നോൺ പ്ലാൻ)

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ നിരക്ക് വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9500 പെൻഷൻകാരുള്ള ബോർഡിൽ 2013-14-ലെ 3 മാസത്തെ പെൻഷൻ ഉൾപ്പെടെ ഉയർന്ന നിരക്കിൽ പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 817.82 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കൈത്തറി തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 50,00,000 രൂപ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1158/14/തൊഴിൽ പ്രകാരം അനുവദിച്ച് നല്കിയിരുന്നു. 1-9-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1212/2014/തൊഴിൽ പ്രകാരം 2,73,40,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ ക്ഷേമനിധി പെൻഷനുകൾ 500 രൂപയിൽ നിന്ന് 600 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1175/2014/തൊഴിൽ തീയതി 25-8-2014 പ്രകാരം ഉത്തരവായി. എന്നാൽ സമിതി ശിപാർശ ചെയ്യുന്ന പ്രകാരമുള്ള തുക നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണ്.

<u>ശിപാർശ</u>

2230-01-103-86—<u>കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും</u>

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

2013-14-ലെ പെൻഷൻ കടിശ്ശിക നൽകുന്നതിനും 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനും 2300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഒരു കോടി രൂപയും അധിക തുകാനുമതി വഴി 1,27,80,000 രൂപയും പെൻഷൻ വിതരണത്തിനായി 2014-15 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിനാൽ അധിക തുക അനുവദിക്കണമെന്ന ശിപാർശ ഇപ്പോൾ അനുവദിക്കാനാവില്ലെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

ശിപാർശ

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്– അംശദാനം

വിഹിതം : 76,17,000 രൂപ (നോൺ പ്ലാൻ)

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ഓരോ സാമ്പത്തിക വർഷവും തൊഴിലാളികളിൽ നിന്നും ലഭിക്കുന്ന അംശദായത്തിന് തുല്യമായ തുക സർക്കാരിൽ നിന്നും മാച്ചിംഗ് ഗ്രാന്റായി ലഭിക്കേണ്ടതാണ്. 2014-15 വർഷം ഈയിനത്തിൽ 1664.42 ലക്ഷം രൂപ സർക്കാരിൽനിന്ന് ലഭിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2013-14-ലെ പെൻഷൻ കുടിശ്ശിക, 2014-15-ലെ പെൻഷൻ, മറ്റു ക്ഷേമാനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 16568.03 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2230-01-103-72-10" എന്ന ശീർഷകത്തിൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സംഭാവന ഇനത്തിൽ (അംശദാനം) വകയിരുത്തിയിരുന്ന 76,17,000 രൂപ (എഴുപത്തിയാറ് ലക്ഷത്തി പതിനേഴായിരം രൂപ മാത്രം) 26-3-2015-ലെ സ.ഉ. (സാധാ.) നമ്പർ 420/2015/തൊഴിൽ പ്രകാരം പിൻവലിച്ച് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിരുന്നു. റിസോഴ്സ് ലഭ്യതയുടെ പരിമിതി കാരണം സർക്കാരിന്റെ പ്രഖ്യാപിത പരിപാടികൾക്കുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന ഈ കാലഘട്ടത്തിൽ അധിക ഫണ്ട് അനുവദിക്കണമെന്ന സമിതിയുടെ ആവശ്യം ഇപ്പോൾ പരിഗണിക്കാനാവില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-01-103-61-10—കേരള ബാർബർ– ബ്യൂട്ടീഷൻ ക്ഷേമപദ്ധതി– സംഭാവന

വിഹിതം : 20,40,000 രൂപ (നോൺ പ്ലാൻ)

2013-14-ലെ പെൻഷൻ കുടിശ്ശികയും 2014-15-ലെ വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷനും വിതരണം ചെയ്യുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 289.6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

കേരള ബാർബർ– ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 20,40,000 രൂപയ്ക്ക് പുറമെ അഡീഷണൽ ഓതറൈസേഷൻ മുഖേന രണ്ട് ഗഡുക്കളായി 66,89,000 രൂപ (21,35,000+45,54,000) കൂടി അനുവദിച്ചു.

ശിപാർശ

2230-01-103-59—പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്

വിഹിതം : 1,50,00,000 രൂപ (നോൺ പ്ലാൻ)

കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിയിലെ ഓരോ അംഗവും അടയ്ക്കുന്ന വിഹിതത്തിന്റെ 25% സർക്കാർ ഗ്രാന്റായി ബോർഡിന് ലഭിക്കേണ്ടതാണ്. ഈയിനത്തിൽ 2007-08 മുതൽ 2013-14 വരെയുള്ള കുടിശ്ശികയായ 175 ലക്ഷം രൂപയും 2014-15 വർഷം ബോർഡ് പ്രതീക്ഷിക്കുന്ന തൊഴിലാളി വിഹിതത്തിന്റെ 25% വരുന്ന തുകയും ഉൾപ്പെടെ 663 ലക്ഷം രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ട സാഹചര്യത്തിൽ 2014-15-ലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 513 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2230-01-103-59-10 (NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1,50,00,000 രൂപ (ഒരു കോടി അൻപത് ലക്ഷം രൂപ മാത്രം) 2-12-2014-ലെ സ.ഉ. (സാധാ.) നമ്പർ 1654/14/തൊഴിൽ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിക്കണമെന്ന ശിപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലെന്ന വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-01-103-57-10— <u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി— സംഭാവന</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ടിലേക്ക് അംഗങ്ങൾ അടയ്ക്കുന്ന വിഹിതത്തിന്റെ 5% വരുന്ന തുക സർക്കാർ വിഹിതമായി നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 1.20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം 2230-01-103-57-10 (NP)—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി— സംഭാവന ശീർഷകത്തിൽ 1.19 ലക്ഷം രൂപ അധിക തുക ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-50—<u>കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി</u>

വിഹിതം : 13,00,000 രൂപ (നോൺ പ്ലാൻ)

കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി വ്യവസ്ഥ പ്രകാരം തൊഴിലാളി വിഹിതത്തിന്റെ 20% സർക്കാർ വിഹിതമായി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ 2014-15 വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള സർക്കാർ വിഹിതം 29 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 13,00,000 രൂപയ്ക്ക് പുറമെ അഡീഷണൽ ഓതറൈസേഷൻ മുഖേന രണ്ട് ഗഡുക്കളായി 30,89,320 (12,60,320+18,29,000) രൂപ കൂടി അനുവദിച്ചു. (ആകെ 43,89,320)

ശിപാർശ

2230-01-103-35—കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനത്തിനായുള്ളതാണ് ഈ ശീർഷകം. 2010-11-ൽ ഈ ഇനത്തിൽ 2,55,00,000 രൂപ അനുവദിച്ചിരുന്നു. 2013-14-ൽ 1,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന മേൽ പദ്ധതിക്ക് താൽക്കാലിക ചെലവുകളും പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകുന്നത് പൊതുക്ഷേമനിധി ഫണ്ടിൽ നിന്നുമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 528 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതിക്ക് സമിതി ശിപാർശ ചെയ്തിരുന്ന 528 ലക്ഷം രൂപ അനുവദിക്കുവാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

ശിപാർശ

2230-01-103-32—കേരളത്തിലെ വിലവിവരസൂചിക നിർണ്ണയം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ വിലവിവരസൂചിക നിർണ്ണയിക്കുന്നതിന് കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തുവാൻ സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. കുടുംബ ബഡ്ജറ്റ് സർവ്വേ പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട കമ്മിറ്റിയുടെ കാലാവധി 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ശമ്പളം, യാത്രാപ്പടി, ഓഫീസ് ചെലവ് എന്നീ ഇനങ്ങളിൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകകൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ പുതിയ ഉപഭോക്തൃ വില സൂചിക നിർണ്ണയിക്കുന്നതിനുള്ള അന്തിമ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി കുടുംബ ബഡ്ജറ്റ് സർവ്വേ വിഭാഗത്തിന്റെ കാലാവധി മൂന്ന് മാസത്തേക്ക് മാത്രം ദീർഘിപ്പിച്ച് നൽകുകയും ആയതിലേക്ക് ആവശ്യമായ ₹ 6,17,000 (രൂപ ആറുലക്ഷത്തി പതിനേഴായിരം മാത്രം) അധിക തുകയായി അനുവദിച്ച് സർക്കാരിന്റെ 4-7-2014-ലെ സ.ഉ. (സാധാ.) നമ്പർ 5217/2014/ധന. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

ശിപാർശ

2230-01-103-20—കേരള ചുമട്ടുതൊഴിലാളി (അൺഅറ്റാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരള ചുമട്ടുതൊഴിലാളി (അൺഅറ്റാച്ച്ഡ് വിഭാഗം) ക്ഷേമപദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 4.6 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചുമട്ടുതൊഴിലാളി (അൺഅറ്റാച്ച്ഡ്) ക്ഷേമപദ്ധതിയിൽ സർക്കാർ അംശദായം നൽകണമെന്ന് വ്യവസ്ഥ ചെയ്യാത്തതിനാൽ സമിതിയുടെ ശിപാർശ അംഗീകരിക്കാനാവില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

ശിപാർശ

2230-01-103-10—വിദേശ തൊഴിലന്വേഷകർക്കും പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്കുമുള്ള പ്രീ-ഇന്റർവ്യൂ പരിശീലനവും ഒ.ഡി.പി.സി. ലിമിറ്റഡിന്റെ ശാക്തീകരണവും

വിഹിതം : 35,00,000 രൂപ (പ്ലാൻ)

വിദേശ തൊഴിലന്വേഷകർക്കും വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവർക്കും മാർഗ്ഗനിർദ്ദേശവും പരിശീലനവും ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യുന്നതിനായി ഒരു മൈഗ്രന്റ് റിസോഴ്സ് സെന്റർ ആരംഭിക്കുക, 1977 മുതൽ വാടക

കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്നീ ആവശ്യങ്ങൾക്കായി 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷം ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന വിവരം ഖേദപൂർവ്വം അറിയിക്കുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുത്ത് വിവരം സമിതിയെ അറിയിക്കുന്നതാണ്.

ശിപാർശ

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി

വിഹിതം : 14,00,00,000 രൂപ (പ്ലാൻ)

നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് 2010-2011-ൽ പുതുതായി അനുവദിച്ച സ്വയംതൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെമാത്രം വരുമാനമുള്ള വിധവ/ഉപേക്ഷിക്കപ്പെട്ട/ വിവാഹമോചിത/അവിവാഹിത അമ്മ/35-ന് മേൽ പ്രായമുള്ള അവിവാഹിത വിഭാഗങ്ങളിൽ പ്പെടുന്ന വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കു ന്നതിനായി പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. നിലവിൽ പരിശീലനം നൽകിയ 700 അപേക്ഷകരുണ്ട്. കൂടാതെ 5000 അപേക്ഷകൾ ധനസഹായം ലഭിക്കുന്നതിനായി വകുപ്പിൽ ലഭ്യമായിട്ടുണ്ട്. നിലവിലെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 3000 പേർക്ക് മാത്രമേ ധനസഹായം നൽകുവാൻ കഴിയുകയുള്ളുവെന്നതിനാൽ 2014-15 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതുകയ്ക്കു പുറമെ 600 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതിശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ ശരണ്യ സ്വയംതൊഴിൽ പദ്ധതിക്കായി 2230-02-101-91 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 14 കോടി രൂപയിൽ നിന്നും 7 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ ഇനി 7 കോടി രൂപ ബാക്കിനിൽപ്പുണ്ട്. അധിക തുക അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി ലഭ്യമാകുന്ന ധനപുനർവിനിയോഗ ശിപാർശ പരിഗണിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ള വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

ശിപാർശ

(i) 2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 15,00,000 രൂപ (പ്ലാൻ)

17,62,000 രൂപ (നോൺ പ്ലാൻ)

(ii) 4250-00-800-98—ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന്റെ സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 35,00,000 രൂപ (പ്ലാൻ)

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റാഫ് ട്രെയിനിംഗ് ആന്റ് ടെക്നോളജി അപ്ഡേറ്റിംഗ് എന്ന സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതികവിദ്യയിലും കാലത്തിന് അനുസൃതമായി പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിന്മേലും പരിശീലനം നൽകുക എന്നതാണ്. 2013-14 സാമ്പത്തികവർഷം വരെ ഈ പദ്ധതിയുടെ ശീർഷകം 2230-03-001-98 എന്നത് മാത്രമായിരുന്നു. 2014-15 സാമ്പത്തിക വർഷം മുതൽ പദ്ധതിയുടെ ശീർഷകം 4250-00-800-98 ആയി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ട്രെയിനിംഗ് ആവശ്യത്തിനും സാധനസാമഗ്രികൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനും നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി പഴയതും തുടർന്നു വരുന്നതുമായ 2230-03-001-98 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

ശിപാർശ

2230-03-101-87—ഐ.ടി.ഐ.കളുടെ നവീകരണം

വിഹിതം : 36,00,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്തെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.-യുമായി അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽസാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുന്നതോടൊപ്പം കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക എന്നിവയ്ക്കായി 4159 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിലെ ഐ.ടി.ഐ.കളിലെ മരാമത്ത് പണികൾ കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലെ വിഹിതത്തിന് പുറമെ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 63, 64)

തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-03-101-83—ഐ.ടി.ഐ.കൾ ഉൽക്കൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്ര സഹായം)

വിഹിതം : ഇല്ല

സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ അഞ്ച് ഐ.ടി.ഐ.കൾ ആഭ്യന്തര സഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ടെന്നും ഏഴ് ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി വേൾഡ് ബാങ്കിന്റെ കീഴിൽ നടന്നുവരുന്നുവെന്നും ഇതിന്റെ 25% ചെലവ് സംസ്ഥാന സർക്കാരും 75% ചെലവ് കേന്ദ്ര സർക്കാരുമാണ് വഹിക്കേണ്ടതെന്നും സമിതി മനസ്സിലാക്കുന്നു. ഐ.ടി.ഐ.കളിലെ

ഇൻസ്ട്രക്ടർമാർക്ക് ഒരു വർഷത്തെ പരിശീലനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനായി 990 ലക്ഷം രൂപയുടെ പ്രോജക്ട് കേന്ദ്ര സർക്കാരും ലോകബാങ്കും അംഗീകരിക്കുകയും ആദ്യഗഡുവായി 465 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതവും പദ്ധതികളുടെ നടത്തിപ്പിനായി സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും മറ്റു ചെലവുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി 1900 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

## സർക്കാർ സ്വീകരിച്ച നടപടി

സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിലെ ജീവനക്കാരുടെ നവംബർ 2014 വരെയുള്ള ശമ്പളത്തിനായി 22.67 ലക്ഷം രൂപ മാത്രമാണ് അഡീഷണൽ ഓതറൈസേഷൻ വഴി ലഭ്യമായിട്ടുള്ളത്. കൂടാതെ എസ്.ഡി.ജി. വഴി 532.37 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ

2230-03-101-79—കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : ഇല്ല

ആധുനികവൽക്കരണത്തിന്റെ ഭാഗമായി തകർച്ചയെ നേരിടുന്ന സംസ്ഥാനത്തെ പരമ്പരാഗത കരകൗശലമേഖലയ്ക്ക് നവ ഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കുവാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിനെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാനും പരിശീലനം വിപുലപ്പെടുത്തുവാനും ലക്ഷ്യമിടുന്നുവെന്നും പ്രസ്തുത സ്ഥാപനം നിലവിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) എന്ന സ്ഥാപനവുമായി മെർജ് ചെയ്തിരിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 172 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

ശിപാർശ

2230-03-101-77—പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഗവ. ഐ.ടി.ഐ.കളെ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (100% കേന്ദ്ര സഹായം)

വിഹിതം : ഇല്ല

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ, വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 22 ഐ.ടി.ഐ.കളും, പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിലെ 4 ഐ.ടി.ഐ.കളുടെയും നിലവാരം ഉയർത്തുന്നതിന്, 100% കേന്ദ്ര ധനസഹായം ലഭിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഡയറക്ടറേറ്റിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ പ്രവർത്തന ചെലവുകൾക്കായി 6 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 66, 67)

തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

## പുതിയ പദ്ധതി ശിപാർശകളിൽ അംഗീകരിക്കാത്തവ
## പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ

സംസ്ഥാനത്ത് പുതുതായി 5 ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനും, യന്ത്രസാമഗ്രികളുടെ സംഭരണം, അടിസ്ഥാനസൗകര്യ വികസനം, കെട്ടിടം/വർക്ക്ഷോപ്പ് നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി 200 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2014-15 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിലേക്കായി 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>ശിപാർശ</u>

**പരീക്ഷാ വിഭാഗത്തിന്റെ നിലവാരം ഉയർത്തൽ**

പരീക്ഷകൾ സെമസ്റ്റർ സമ്പ്രദായത്തിലേക്ക് മാറുകയും, ഐ.ടി.ഐ.-കളുടെ എണ്ണം അധികരിക്കുകയും ഒട്ടനവധി പുതിയ പദ്ധതികൾ ഡി.ജി.ഇ.റ്റി. നടപ്പിലാക്കുകയും ചെയ്യുതോടെ പരീക്ഷാ വിഭാഗത്തിന്റെ ജോലിഭാരം വർദ്ധിച്ചതായും ആയതിനാൽ പരീക്ഷാ വിഭാഗത്തിന്റെ നിലവാരം ഉയർത്തണമെന്നും ആയതിലേക്കായി 200 ലക്ഷം രൂപ വകയിരുത്തണമെന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം അംഗീകരിക്കുകയോ, തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത ആവശ്യം അംഗീകരിക്കണമെന്നും ആയതിലേക്കായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>ശിപാർശ</u>

**നാല് ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തൽ**

സംസ്ഥാനത്ത് സ്വന്തമായി കെട്ടിടവും സ്ഥലവും ഉള്ള നാല് ഐ.ടി.ഐ.-കളായ ആര്യനാട്, കല്പറ്റ, കൊയിലാണ്ടി, കഴൽമന്ദം എന്നിവിടങ്ങളിൽ കൂടുതൽ ട്രേഡുകൾ ഉൾപ്പെടുത്തി ഒന്നാംനിര ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുവാനും ആയതിലേക്ക് അധിക യന്ത്രസാമഗ്രികളുടെ സംഭരണം, നിർമ്മാണപ്രവർത്തനം എന്നീ ആവശ്യങ്ങൾക്കായി 1300 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 1300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

<u>ശിപാർശ</u>

**കരിയർ ഡെവലപ്മെന്റ് മിഷൻ**

സംസ്ഥാനത്തെ ഐ.ടി.ഐ.-കളിലെ പരിശീലന നിലവാരം ഉയർത്തുന്നതിനായി പരിശീലകർക്ക് മതിയായ പരിശീലനം നൽകുന്നതിന്/നേടുന്നതിന് സൗകര്യമുണ്ടാക്കുക, പരിശീലകന് ഉയർന്ന യോഗ്യത നേടുന്നതിന് അവസരമുണ്ടാക്കുക, പ്രമുഖ കമ്പനികളുമായി സഹകരിച്ച് പരിശീലനത്തിന് അവസരമുണ്ടാക്കുക, കൂടുതൽ ഹ്രസ്വകാല പരിശീലനത്തിന് അവസരമുണ്ടാക്കുക എന്നിവ അനിവാര്യമാണെന്ന് കണ്ടെത്തിയതിനെ

ത്തുടർന്ന് പ്രസ്തുത ആവശ്യങ്ങളിലേക്കായി 2014-15 സാമ്പത്തികവർഷം 50 ലക്ഷം രൂപ ആവശ്യപ്പെട്ടുകയുണ്ടായി. എന്നാൽ പദ്ധതി അംഗീകരിക്കുകയോ, തുക അനുവദിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതി അംഗീകരിക്കണമെന്നും പദ്ധതി ആവശ്യങ്ങളിലേക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 70,71,72,73)</u>

തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

**കഴക്കൂട്ടം വനിതാ ഐ.ടി.ഐ.**

കഴക്കൂട്ടം വനിതാ ഐ.ടി.ഐ.-യുടെ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പകുതിയിൽ നിർത്തിയിരിക്കുകയാണെന്നും, ആകെ 15 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും, 15 കോടിയും വിതരണം ചെയ്തു കഴിഞ്ഞതായും, നിലവിൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കുവാൻ പറ്റാത്ത അവസ്ഥയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കഴക്കൂട്ടം വനിതാ ഐ.ടി.ഐ.-യുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുക ഈ സാമ്പത്തികവർഷം തന്നെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കഴക്കൂട്ടം വനിതാ ഐ.ടി.ഐ.യെ ഒന്നാം നിര ഐ.ടി.ഐ. ആക്കുന്നതിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. താഴത്തെ നിലയുടെ റൂഫ്, സ്ലാബ് ലെവൽ വരെയുള്ള പണി ചെയ്തു തീർക്കുകയും വർക്ക് പുനരാരംഭിക്കുന്നതിനായി 24 ലക്ഷം രൂപ കൂടി പി.ഡബ്ല്യു.ഡി.യിൽ ഒടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ടി തുകയിൽ ഇനിയും വ്യത്യാസം വരാൻ സാധ്യതയുണ്ടെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ പി.ഡബ്ല്യു.ഡി. ചെയ്ത വർക്കിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ പ്രിൻസിപ്പൽ ആവശ്യപ്പെട്ടതനുസരിച്ച് പി.ഡബ്ല്യു.ഡി. അധികൃതർ 30 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തിരുന്നു. ടി വർക്ക്

പൂർത്തിയാക്കുവാൻ മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി അയച്ചു തരുവാൻ കഴക്കൂട്ടം വനിതാ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയതു പ്രകാരം ശേഷിക്കുന്ന വർക്ക് പൂർത്തിയാക്കുന്നതിനായി നിർമ്മിതി കേന്ദ്രം തിരുവനന്തപുരവുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ വർക്കിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള ടി 25 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തിലെ മോഡണൈസേഷൻ ശീർഷകത്തിലെ ഉപകരണ സംഭരണത്തിനായി വകയിരുത്തിയിട്ടുള്ള 30 കോടി രൂപയിൽ നിന്നും അനുവദിക്കുന്നതിനു വേണ്ടിയുള്ള ശിപാർശ ഫയൽ നമ്പർ 28846/സി13/14/തൊഴിൽ-ൽ ശിപാർശ ചെയ്ത് 17-12-2014-ൽ ധനകാര്യ വകുപ്പിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ധനകാര്യ വകുപ്പ്

### ശിപാർശ

4250-00-800-99—നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട്

വിഹിതം : 14,10,000 രൂപ (പ്ലാൻ)

2011-12-ൽ എം.എൽ.എ. ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയാക്കി വർദ്ധിപ്പിച്ചെങ്കിലും ആ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനാൽ വർദ്ധിപ്പിച്ച വിഹിതം റിലീസ് ചെയ്തിരുന്നില്ല. ഈ തുക 2012-13-ലെ വിഹിതത്തിൽ നിന്നാണ് അനുവദിച്ചത്. ആയതിനാൽ 2012-13-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി. 2013-14-ലെ വിഹിതമായി 141 കോടിയിൽ നിന്ന് മുൻവർഷത്തെ കുടിശ്ശിക 35.25 കോടി രൂപ അനുവദിക്കുകയുണ്ടായി. 2013-14 -ൽ റിലീസ് ചെയ്യാൻ ബാക്കിയുള്ള 3525 ലക്ഷം രൂപ 2014-15 വർഷം ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

### സർക്കാർ സ്വീകരിച്ച നടപടി

2011-12-ൽ എം.എൽ.എ. ഫണ്ടിന്റെ വാർഷിക വിഹിതം ഒരു കോടി രൂപയായി വർദ്ധിപ്പിച്ചതു കാരണം 2012-13-ലെ വിഹിതമായ 141 കോടിയിൽ ഉണ്ടായ 35.25 കോടിയുടെ കുറവ് 2013-14-ലെ വിഹിതമായ 141 കോടി രൂപയിൽ നിന്ന്

അനുവദിച്ചിട്ടുണ്ട്. ഇതു കാരണം 2013-14-ലെ വിഹിതമായ 141 കോടിയിൽ 35.25 കോടിയുടെ കുറവുണ്ടായി, ആയത് 2014-15-ലെ വിഹിതമായ 141 കോടിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 9.30 കോടി രൂപ കൂടി അധികമായി വകയിരുത്തിയിരുന്നു. ആയതിൽ നിന്ന് 2.25 കോടി രൂപ വയനാട് ജില്ലയ്ക്ക് മുൻവർഷങ്ങളിലെ കടിശ്ശികയിനത്തിൽ അനുവദിച്ചു ബാക്കി 7.05 കോടി രൂപ 2014-15 സാമ്പത്തികവർഷത്തെ ഫണ്ടായി എല്ലാ നിയോജകമണ്ഡലങ്ങൾക്കും തുല്യമായി അനുവദിച്ചു നൽകി. 2014-15 സാമ്പത്തിക വർഷം അധികമായി വകയിരുത്തേണ്ടിയിരുന്ന 3525 ലക്ഷം രൂപയിൽ ജില്ലാ കളക്ടർമാർക്ക് 705 ലക്ഷം രൂപ മാത്രമേ ആവശ്യമായി വന്നിട്ടുള്ളൂ. ആയതിനാൽ ടി തുക മാത്രമേ അധികമായി 2014-15 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളൂ.

## ഊർജ്ജ വകുപ്പ്

### ശിപാർശ

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യ സഹായം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതിനുള്ള സബ്സിഡി

പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്ന് ഒഴിവാക്കിയതുമൂലം ജൂലൈ 2012 മുതൽ മാർച്ച് 2014 വരെ ബോർഡിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിലേക്കായി സർക്കാർ അനുവദിച്ചിരുന്ന 555.24 കോടി രൂപയിൽ നിന്നും നാളിതുവരെ 125 കോടി രൂപ മാത്രമാണ് ബോർഡിന് ലഭിച്ചത്. ബാക്കി 430.24 കോടി രൂപയിൽ 50 കോടി രൂപ 2013-14-ലെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 38024 ലക്ഷം രൂപ 2014-15 സാമ്പത്തികവർഷം ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

6-8-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 18/12/ഊ.വ., 28-5-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 24/2013/ഊ.വ. ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും യഥാക്രമം 2012-13-ലെയും 2013-14-ലെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലം വൈദ്യുതി ബോർഡിനുണ്ടാകുന്ന അധിക ബാധ്യത നികത്തുന്നതിനായി ജൂലൈ 2012 മുതൽ മാർച്ച് 2014 വരെ ആകെ 555.24 കോടി രൂപ അനുവദിച്ചു. പ്രസ്തുത തുകയിൽ 2012-13 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 150 കോടി രൂപയും സർക്കാരിൽ നിന്നും ബോർഡിനു അനുവദിച്ചു നൽകി. ശേഷിക്കുന്ന തുകയായ 380.24 കോടി രൂപ ബോർഡിനു ലഭ്യമാക്കുന്നതിലേക്കായി 2013-14-ലെ അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും ആയത് 2013-14-ലെ പുതുക്കിയ ബഡ്ജറ്റിലോ 2014-15-ലെ ബഡ്ജറ്റിലോ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.

തുടർന്ന് ബോർഡിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ടി തുക 2014-15-ലെ ഒന്നാം ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുകയും ടി തുകയിൽ 50 കോടി രൂപ ഒന്നാം ഉപധനാഭ്യർത്ഥനയിൽ (ജൂലൈ 2014) ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി തുക ബോർഡിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

<u>ശിപാർശ</u>

<u>ഗാർഹിക ഉപഭോക്താക്കളെ തെർമൽ സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കിയതുമൂലം ബോർഡിനുണ്ടായ സാമ്പത്തിക ബാധ്യത നികത്തുന്നതിലേക്കായി അനുവദിച്ച സബ്സിഡി</u>

പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഒക്ടോബർ 2012 മുതൽ ഡിസംബർ 2012 വരെ തെർമൽ സർചാർജ്ജിൽ നിന്നും ഒഴിവാക്കിയ ഇനത്തിൽ വൈദ്യുതി ബോർഡിന് നൽകാൻ

തീരുമാനിച്ചിരുന്ന 25 കോടി രൂപ 2013-14-ലെ പുതുക്കിയ സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുകയും കൂടാതെ പ്രതിമാസം 20 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ നിരക്ക് വർദ്ധനയിൽ നിന്നും ഒഴിവാക്കുന്നതുമൂലം ബോർഡിനുണ്ടാകുന്ന ഏകദേശം 40 ലക്ഷം രൂപയുടെ പ്രതിവർഷ സാമ്പത്തിക നഷ്ടം ക്യാഷ് സബ്സിഡി ഇനത്തിൽ മുൻകൂറായി ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ അംഗീകരിച്ചിട്ടുള്ളതിനാൽ, 2012-13 മുതൽ 2014-15 വരെയുള്ള സാമ്പത്തികവർഷങ്ങളിലേക്ക് പ്രസ്തുത ഇനത്തിൽ 120 ലക്ഷം രൂപയും ബോർഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

21-3-2013-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 87/2013/ഊ.വ. ഉത്തരവു പ്രകാരം പ്രതിമാസം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ഒക്ടോബർ 2012 മുതൽ ഡിസംബർ 2012 വരെ തെർമൽ സർച്ചാർജ്ജിൽ നിന്നും ഒഴിവാക്കിയ ഇനത്തിൽ വൈദ്യുതി ബോർഡിന് അനുവദിക്കാൻ തീരുമാനിച്ച 25 കോടി രൂപയും 20-6-2013-ലെ (ആർറ്റി.) 27/2013/ഊ.വ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം പ്രതിമാസം 20 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനായി പ്രതിവർഷം 40 ലക്ഷം രൂപ വീതം അനുവദിച്ച (2012-13 മുതൽ 2014-15 കാലയളവിലെ) 1.20 കോടി രൂപയും സർക്കാരിൽ നിന്നും നാളിതുവരെ ബോർഡിനു ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

ടി തുകകൾ ലഭ്യമാക്കുന്നതിലേക്കായി 2013-14-ലെ അവസാന ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ 6-12-2013-ലെ കത്ത് പ്രകാരം വൈദ്യുതി ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും സാമ്പത്തിക പരിമിതിമൂലം പ്രസ്തുത തുകകൾ 2013-14-ലെ പുതുക്കിയ ബഡ്ജറ്റിലോ 2014-15-ലെ ബഡ്ജറ്റിലോ ഉൾപ്പെടുത്തിയിരുന്നില്ല.

ടി തുകകൾ 11-6-2014-ലെ 2014-15-ലെ ഒന്നാം ബാച്ചിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താനുള്ള ബോർഡിന്റെ നിർദ്ദേശങ്ങൾ ഈ വകുപ്പിന്റെ ശിപാർശയോടു കൂടി തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നുവെങ്കിലും പ്രസ്തുത തുകകൾ ജൂലൈ 2014-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിലും അനുവദിക്കപ്പെട്ടില്ല.

ശിപാർശ

2801-80-101-91—നവീകരണ നിധി (ഊർജ്ജ സമ്പാദ്യ ഏകോപന സമിതി)

വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

2013-ലെ ബഡ്ജറ്റിൽ നവീകരണ നിധിക്കായി 5 കോടി രൂപ വകയിരുത്തുകയും 5 കോടി രൂപയുടെ വിവിധ സ്കീമുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തെങ്കിലും 2013-14-ലെ പുതുക്കിയ ബഡ്ജറ്റിൽ 3 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

2013-14-ലെ സർക്കാർ ബഡ്ജറ്റിൽ നവീകരണ നിധിയിലേക്ക് "2801-80-101-91" അക്കൗണ്ട് ഹെഡിൽ 5 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ടി തുകയ്ക്കുള്ള വിവിധ സ്കീമുകൾക്ക് 12-6-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 163/2013/ഊ.വ., 1-2-2014-ലെ ജി.ഒ. (ആർറ്റി.) നമ്പർ 35/2014/ഊ.വ. ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ഈ തുകയിൽ 75 ലക്ഷം രൂപ 7-8-2013-ലെ ജി.ഒ. (ആർറ്റി.) നമ്പർ 235/13/ഊ.വ. പ്രകാരം 28-2-2014-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമാക്കി. 2013-14-ലെ പുതുക്കിയ ബഡ്ജറ്റിൽ 3 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നതെങ്കിലും (ബഡ്ജറ്റ് എസ്റ്റിമേറ്റ്) വിഹിതത്തിൽ ബാക്കിയുണ്ടായിരുന്ന 4.25 കോടി രൂപ കൂടി 23-3-2014-ലെ ജി.ഒ. (ആർറ്റി.) നമ്പർ 92/2014/ഊ.വ. ഉത്തരവു പ്രകാരം 31-3-2014-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭ്യമാക്കിയിട്ടുണ്ട്. 2013-14-ലെ ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും (5 കോടി രൂപ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുവദിച്ചു നൽകിയിട്ടുള്ളതിനാൽ സമിതിയുടെ ശിപാർശയിന്മേൽ തുടർ നടപടി ആവശ്യമില്ല.

ശിപാർശ

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

വിഹിതം : 7,18,00,000 രൂപ (പ്ലാൻ)

59,95,000 രൂപ (നോൺ പ്ലാൻ)

(01)—സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ— 36 —സഹായധനം

വിഹിതം : 20,00,000 രൂപ (പ്ലാൻ)

ഊർജ്ജ സംരക്ഷണ അവാർഡുകൾ നൽകുന്നതിനായും ഊർജ്ജസംരക്ഷണ മാസാചരണം സംഘടിപ്പിക്കുന്നതിനായും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമെ 10 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

ശിപാർശ

(02)—ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ— 36—സഹായധനം

വിഹിതം : 1,05,00,000 രൂപ (പ്ലാൻ)

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ആവശ്യകത അധികരിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വിദ്യാലയങ്ങളിലെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കും, എനർജി ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഊർജ്ജ സംരക്ഷണം, ഊർജ്ജ മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തി നിലവിലെ ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഊർജ്ജ കാര്യക്ഷമതാ പഠനങ്ങൾ, ഊർജ്ജ ഓഡിറ്റ് എന്നിവ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള ഇൻസ്ട്രുമെന്റ് ബാങ്ക്, വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ കാര്യങ്ങളിൽ അറിവ് പകരുന്നതിനായുള്ള ഊർജ്ജ ക്ലിനിക്കിന്റെ പ്രവർത്തനം വ്യാപകമാക്കേണ്ടതിനും, ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾക്കും മറ്റുമായി ഈ ഇനത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

ശിപാർശ

(04)—സി.എഫ്.എൽ.-ന്റെ സുരക്ഷിത നിർമ്മാർജ്ജനം

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം : 10,00,000 രൂപ (പ്ലാൻ)

സി.എഫ്.എൽ. സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും, റീസൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള മൂലധനത്തിനും മറ്റു ചെലവുകൾക്കുമായി 990 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

ശിപാർശ

(05)—കേരള സംസ്ഥാന ഊർജ്ജസംരക്ഷണ നിധി

വിഹിതം : 33,00,000 രൂപ

സർക്കാർ ഉത്തരവ് നമ്പർ 2/2011/PD-യുടെ പരിധിയിൽ വരുന്ന ഹൈടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിന് മുൻഗണന നൽകുന്നതിനും, ഊർജ്ജ കാര്യക്ഷമതാ കെട്ടിടങ്ങളുടെ രൂപകൽപ്പന, വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ ഊർജ്ജോപയോഗത്തിന്റെ രീതിയെപ്പറ്റിയുള്ള വിവരശേഖരം തയ്യാറാക്കുന്നതിനായിട്ടുള്ള പ്രാഥമിക ഊർജ്ജ ഓഡിറ്റിനുള്ള സബ്സിഡി സ്കീം, എനർജി ഓഡിറ്റിലൂടെ ഊർജ്ജച്ചെലവ് കുറയ്ക്കുന്നതിനും ഗുണമേന്മ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ ഊർജ്ജസംരക്ഷണ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും, വ്യവസായങ്ങളിൽ മാതൃകാപദ്ധതികൾ നടപ്പിലാക്കൽ, സംസ്ഥാനത്തെ 11 സിവിൽ സ്റ്റേഷനുകളിൽ എനർജി ഓഡിറ്റ് നടത്തൽ, 2 സിവിൽ സ്റ്റേഷനുകളിൽ ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾക്കുമായി ഈ ഇനത്തിൽ 267 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

ശിപാർശ

4810-00-800-97—സ്മോൾ ഹൈഡ്രോ പവർ ഡെവലപ്മെന്റ് (ആർ.ഐ.ഡി.എഫ്.)

വിഹിതം : 2,20,00,000 രൂപ (പ്ലാൻ)

കരിശ്ശടി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, പഞ്ചായത്തുകൾ വഴി പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തത്തോടുകൂടി ചെറുജലവൈദ്യുത പദ്ധതി നടപ്പിലാക്കൽ തുടങ്ങിയ ആവശ്യങ്ങളിലേക്കായി ആർ.ഐ.ഡി.എഫി.-ൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 280 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

ശിപാർശ

**പുതിയ പദ്ധതികൾ**

**നൈപുണ്യ വികസന തൊഴിലധിഷ്ഠിത ഊർജ്ജ കാര്യക്ഷമപരിപാടികൾ**

ഹോം എനർജി ഓഡിറ്റർ സർട്ടിഫിക്കേഷൻ പരിപാടികൾ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഊർജ്ജസംരക്ഷണ പരിപാടികൾ, റ്റി.റ്റി.സി., ബി.എഡ്., എം.എഡ്. കോളേജുകളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികൾ, കുട്ടികളുടെ ഊർജ്ജ കോൺഗ്രസ് തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

ശിപാർശ

**എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കൽ**

എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ചെറുധനസഹായം, ഉൽപ്പന്നങ്ങളുടെ ഡെമോൺസ്ട്രേഷൻ/ വാണിജ്യവൽക്കരണം എന്നിവയ്ക്ക് ആരംഭ ധനസഹായം നൽകൽ, ഇ.എം.സി.-യുടെ ഗവേഷണ പരിപാടികളിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഗവേഷണ സ്കോളർഷിപ്പ്, ഗവേഷണാധിഷ്ഠിത ശ്രേഷ്ഠ വിദ്യാപീഠം, എനർജി കൺസർവേഷൻ ആനിമേറ്റേഴ്സ് സർട്ടിഫിക്കറ്റ് കോഴ്സ്, രജിസ്റ്റേർഡ് എനർജി ഓഡിറ്റർമാരുടെ കാര്യശേഷി

കൂട്ടുന്നതിനുള്ള പരിപാടി, വുമൺസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റൈനബിൾ എനർജി റിസർച്ച്, സഞ്ചരിക്കുന്ന എക്സിബിഷൻ യൂണിറ്റ് തയ്യാറാക്കൽ തുടങ്ങിയ പരിപാടികൾ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സാധ്യത കൂട്ടുന്നതിനും സഹായകരമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി 135 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി 135 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

ശിപാർശ

എനർജി മാനേജ്മെന്റ് സെന്ററിൽ ശമ്പളം, യാത്രാച്ചെലവുകൾ, തപാൽ, ടെലിഫോൺ, ഇലക്ട്രിസിറ്റി, വാട്ടർ, പ്രിന്റിംഗ്, കരം, നികുതി എന്നീ പ്രവർത്തന ചെലവുകൾക്ക് അധികതുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ നോൺ പ്ലാനിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 150.05 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 80, 81, 82, 83, 84, 85, 86, 87)

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

4810-00-800-99—മീറ്റർ ടെസ്റ്റിംഗ് സ്റ്റാൻഡേഡ്സ് ലബോറട്ടറിയുടെ നവീകരണ പദ്ധതി—മരാമത്ത് പണികൾ

വിഹിതം : 3,60,00,000 രൂപ ( പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെയും 2014-15 സാമ്പത്തികവർഷം കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെയും ലബോറട്ടറികൾ എൻ.എ.ബി.എൽ. നിലവാരത്തിലേക്ക് ഉയർത്തുവാനും, നിലവിൽ ലബോറട്ടറികൾ ഇല്ലാത്ത ജില്ലകളിൽ ലബോറട്ടറി സജ്ജീകരിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ

വകുപ്പ് നൽകുന്ന സേവനങ്ങളെല്ലാം ഇ-പോർട്ടിലൂടെ നൽകാൻ കഴിയുംവിധം പരിപൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും 2014-15-ൽ ലക്ഷ്യമിടുന്നു. ആയതിനാൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ അധിക വിഭവ സമാഹരണ സാധ്യതകൾ പരിമിതമായതിനാൽ നടപ്പു സാമ്പത്തിക വർഷ വിഹിതത്തിന് ഉപരിയായി സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല. പദ്ധതി വിഹിതത്തിന് അധിക തുക ഈ സാമ്പത്തിക വർഷം ആവശ്യം വരില്ലെന്ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശിപാർശ

2235-60-102-98—കർഷക തൊഴിലാളി പെൻഷൻ

വിഹിതം : 358,45,19,000 രൂപ (നോൺ പ്ലാൻ)

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കർഷക തൊഴിലാളി പെൻഷൻ നിരക്ക് 600 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പെൻഷൻ വിതരണത്തിന് 4673.53 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സർക്കാർ സ്വീകരിച്ച നടപടി

1-4-2014 മുതൽ 30-6-2014 വരെ കർഷക തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 358,45,19,000 രൂപയിൽ നിന്നും 187 കോടി രൂപ അനുവദിച്ച് 28-8-2014-ലെ സ.ഉ. (സാധാ.) നമ്പർ 1198/14/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽപ്പറഞ്ഞ 187 കോടി വിതരണം ചെയ്തു കഴിഞ്ഞാൽ 171,45,19,000 രൂപ ബഡ്ജറ്റ് വിഹിതത്തിൽ ശേഷിക്കുന്നുണ്ട്. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം അധിക ധനാനുമതിക്കുള്ള ശിപാർശ പരിഗണിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരം സമിതിയെ അറിയിക്കുന്നു.

ഭാഗം II

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകൾ

## തൊഴിലും നൈപുണ്യവും വകുപ്പ്

ശിപാർശ

2230-01-001-99—ഭരണവും നടത്തിപ്പും

വിഹിതം : 4,71,41,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ യാത്രാപ്പടി, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധനം എന്നീ ഇനങ്ങളിലേക്കായി 12.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

ശിപാർശ

2230-01-001-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവത്ക്കരണം

വിഹിതം : ഇല്ല

2014-15 വർഷത്തെ ബഡ്ജറ്റിൽ ലേബർ കമ്മീഷണറേറ്റിന്റെ കെട്ടിട നിർമ്മാണത്തിന് 4250-00-201-96 എന്ന ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ള 150 ലക്ഷം രൂപ ഈ വർഷം ആവശ്യമില്ലാത്തതിനാൽ പ്രസ്തുത തുക റസ്യം ചെയ്യണമെന്നും കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണത്തിന് 150 ലക്ഷം രൂപ 2230-01-001-97 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

ശിപാർശ

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

വിഹിതം : 62,60,000 രൂപ (നോൺ പ്ലാൻ)

05-4—ഓഫീസ് ചെലവുകൾ— മറ്റിനങ്ങൾ

വിഹിതം : 57,000 രൂപ (നോൺ പ്ലാൻ)

ആലപ്പുഴ വ്യാവസായിക ട്രിബ്യൂണൽ ഓഫീസിൽ ഫോട്ടോകോപ്പി മെഷീനും കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും വാങ്ങുന്നതിന് 2.25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

ശിപാർശ

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 65,52,000 രൂപ (നോൺ പ്ലാൻ)

06—വാടക, കരം, നികുതി

വിഹിതം : 96,000 രൂപ (നോൺ പ്ലാൻ)

വ്യാവസായിക ട്രിബ്യൂണലിന്റെ വാടക, കരം, നികുതി ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 1.71 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

ശിപാർശ

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

വിഹിതം : 62,46,000 രൂപ (നോൺ പ്ലാൻ)

04-1—യാത്രാച്ചെലവുകൾ— യാത്രാബത്ത

വിഹിതം : 1,32,000 രൂപ (നോൺ പ്ലാൻ)

ട്രിബ്യൂണലിന് കൊല്ലം, തിരുവനന്തപുരം, ജില്ലകളിൽ സിറ്റിംഗ് നടത്തേണ്ടതിനാൽ യാത്രാബത്ത ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ 38,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

ശിപാർശ

21-(2)—<u>മോട്ടോർ വാഹനങ്ങൾ— സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 23,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കുപുറമെ 77,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

ശിപാർശ

99—<u>വിവരസാങ്കേതികവിദ്യ</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഓഫീസ് നവീകരണത്തിന്റെ ഭാഗമായി ലാപ്ടോപ്പ്, കമ്പ്യൂട്ടർ, പ്രിന്റർ, ഫാക്സ് മെഷീൻ, മറ്റനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമായി 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്നും, ലഭ്യമായ സേവിംഗ്സ് ധനപുനർവിനിയോഗം നടത്തിയോ അഡീഷണൽ ആതറൈസേഷൻ വഴിയോ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

ശിപാർശ

2230-01-101-93—<u>തൊഴിൽ കോടതി, കൊല്ലം</u>

വിഹിതം : 58,47,000 രൂപ (നോൺ പ്ലാൻ)

21-1—<u>മോട്ടോർ വാഹനങ്ങൾ</u>

വിഹിതം : ഇല്ല

05-4—<u>ഓഫീസ് ചെലവുകൾ— മറ്റിനങ്ങൾ</u>

വിഹിതം : 1,06,000 രൂപ (നോൺ പ്ലാൻ)

കൊല്ലം തൊഴിൽ കോടതിക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിലേക്കായി 21-1 എന്നയിനത്തിൽ 8.25 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്കായി 05-4 എന്നയിനത്തിൽ 86,500 രൂപയും അധികമായി വകയിരുത്തമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

ശിപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 55,41,000 രൂപ (നോൺ പ്ലാൻ)

കോഴിക്കോട് തൊഴിൽ കോടതിക്ക് പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ അധികാരപരിധിയുള്ളതിനാൽ ഒരു ഔദ്യോഗിക വാഹനം അത്യാവശ്യമാണ്. ആയതിലേക്കായി 21-1 എന്ന ഇനത്തിൽ 8.5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

ശിപാർശ

05-4 —ഓഫീസ് ചെലവുകൾ— വൈദ്യുതി ചെലവ്

വിഹിതം : 80,000 രൂപ (നോൺ പ്ലാൻ)

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിലേക്കും, ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിലേക്കുമായി ഈ ഇനത്തിൽ നിലവിലുള്ള തുകയ്ക്കുപുറമെ 70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

ശിപാർശ

01-4—ശമ്പളം— മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 42,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ നിലവിലുള്ള തുകയ്ക്കുപുറമെ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

ശിപാർശ

06—വാടക, കരം, നികുതി

വിഹിതം : 1,00,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 92,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

ശിപാർശ

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

വിഹിതം : 60,57,000 രൂപ (നോൺ പ്ലാൻ)

05-3—ഓഫീസ് ചെലവുകൾ— ടെലിഫോൺ ചെലവ്

വിഹിതം : 23,000 രൂപ (നോൺ പ്ലാൻ)

എറണാകുളം തൊഴിൽ കോടതിക്ക് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

ശിപാർശ

21-2—മോട്ടോർ വാഹനങ്ങൾ— സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 35,000 രൂപ (നോൺ പ്ലാൻ)

എറണാകുളം തൊഴിൽ കോടതിക്ക് വാഹനത്തിന്റെ ഇൻഷ്വറൻസിനും മറ്റ് ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയ തുകയ്ക്കുപുറമെ 25,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

ശിപാർശ

99—വിവരസാങ്കേതികവിദ്യ

വിഹിതം : 5,000 രൂപ (നോൺ പ്ലാൻ)

പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് ചാർജിലേക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 35,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

ശിപാർശ

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 54,40,000 രൂപ (നോൺ പ്ലാൻ)

04-1 —യാത്രാച്ചെലവുകൾ— യാത്രാബത്ത

വിഹിതം : 1,50,000 രൂപ (നോൺ പ്ലാൻ)

2014-15 സാമ്പത്തിക വർഷം ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

ശിപാർശ

04-2—യാത്രാച്ചെലവുകൾ— സ്ഥലംമാറ്റബത്ത

വിഹിതം : 5,000 രൂപ (നോൺ പ്ലാൻ)

2014-15 വർഷം ഈയിനത്തിൽ 5,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

ശിപാർശ

05-2—ഓഫീസ് ചെലവുകൾ— വൈദ്യുത ചെലവ്

വിഹിതം : 8,000 രൂപ (നോൺ പ്ലാൻ)

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

ശിപാർശ

-05-3—ഓഫീസ് ചെലവുകൾ— ടെലിഫോൺ ചെലവ്

വിഹിതം : 26,000 രൂപ (നോൺ പ്ലാൻ)

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 16,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

ശിപാർശ

-05-4—ഓഫീസ് ചെലവുകൾ— മറ്റിനങ്ങൾ

വിഹിതം : 77,000 രൂപ (നോൺ പ്ലാൻ)

ഈയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 25,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

ശിപാർശ

21-1—മോട്ടോർ വാഹനങ്ങൾ

വിഹിതം : ഇല്ല

21-2—മോട്ടോർ വാഹനങ്ങൾ— സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 25,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ പുതിയ വാഹനം വാങ്ങുന്നതിന് 12 ലക്ഷം രൂപയും വാഹനം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 40,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

ശിപാർശ

-97—വാഹനങ്ങളുടെ വാടക

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

നിലവിൽ വ്യാവസായിക ട്രിബ്യൂണലിന് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനം ഉപയോഗയോഗ്യമല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിച്ച് വരുന്നതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 4.19 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

ശിപാർശ

-99—വിവരസാങ്കേതികവിദ്യ

വിഹിതം : 20,000 രൂപ (നോൺ പ്ലാൻ)

പുതിയ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോകോപ്പി മെഷീൻ, സ്കാനർ, ഇൻവെർട്ടർ എന്നിവ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി 1.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

ശിപാർശ

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

വിഹിതം : 8,58,89,000 രൂപ (നോൺ പ്ലാൻ)

21-1—മോട്ടോർ വാഹനങ്ങൾ— വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ ജോലി നോക്കുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തി സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക, കേന്ദ്ര ഗവൺമെന്റിന്റെ സുരക്ഷാനയം നടപ്പിലാക്കുക, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യാത്ത എണ്ണമറ്റ ഫാക്ടറികളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിന് 2 വാഹനങ്ങൾകൂടി വാങ്ങുവാൻ ഈയിനത്തിൽ 49.99 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

ശിപാർശ

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടർ ഓഫീസ്

വിഹിതം : 2,27,60,000 രൂപ (നോൺ പ്ലാൻ)

കോട്ടയം ആസ്ഥാനമായി പ്രവർത്തിക്കുന്ന മുഖ്യ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെയും അദ്ദേഹത്തിന്റെ കീഴിലുള്ള 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളുടെയും പ്രവർത്തനത്തിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 99-വിവരസാങ്കേതികവിദ്യ എന്ന ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 5,000 രൂപ അപര്യാപ്തമായതിനാൽ ആയത് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

ശിപാർശ

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യപ്രവർത്തനവും

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

1,19,25,000 രൂപ (നോൺ പ്ലാൻ)

-04(1)—യാത്രാച്ചെലവുകൾ— യാത്രാബത്ത

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

3,25,000 രൂപ (നോൺ പ്ലാൻ)

വ്യവസായ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി വകുപ്പ് നടത്തിവരുന്ന സുരക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിലെയും സേഫ്റ്റി സെല്ലിലെയും ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ സഞ്ചരിക്കേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എയർ മോണിറ്ററിംഗ് സ്റ്റഡി, പ്രയോറിറ്റി സ്റ്റഡി എന്നിവ കാര്യക്ഷമമായി നടത്തുന്നതിന് നിലവിൽ യാത്രാബത്ത ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 23,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

ശിപാർശ

2230-01-103-88—കേരള ആർട്ടിസൻസ് & സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

വിഹിതം : 23,00,000 രൂപ (നോൺ പ്ലാൻ)

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം വകയിരുത്തുന്ന ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

ശിപാർശ

2230-01-103-79—<u>കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്</u>

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2014-15 സാമ്പത്തിക വർഷം വരെ 4.01 കോടി രൂപ ഗ്രാന്റായി ലഭിക്കുവാനുള്ളതിനാൽ 2014-15 വർഷം വകയിരുത്തിയിട്ടുള്ള 22 ലക്ഷം രൂപയ്ക്കുപുറമെ 379 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

ശിപാർശ

2230-01-103-78—<u>1-4-1977-ന് 60 വയസ്സ് തികയുന്ന ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്</u>

വിഹിതം : 20,66,000 രൂപ (നോൺ പ്ലാൻ)

60 വയസ്സ് തികഞ്ഞ ചുരുട്ടുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 307 തൊഴിലാളികൾക്ക് 2013-14 സാമ്പത്തിക വർഷത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15 വർഷത്തേക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുന്നതിനും 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

ശിപാർശ

2230-01-103-73—<u>കേരള ബീഡി— സിഗാർ തൊഴിലാളി ക്ഷേമനിധി— അംശദാനം</u>

വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

2014-15 സാമ്പത്തിക വർഷത്തിൽ ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അംഗങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത തുക 289.968 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

ശിപാർശ

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമനിധി ബോർഡ്— അംശദാനം

വിഹിതം : 1,20,00,000 രൂപ (നോൺ പ്ലാൻ)

2013-14-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2014-15 വർഷം വർദ്ധിപ്പിച്ച നിരക്കിലുള്ള പെൻഷൻ നൽകുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം 488.03 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

ശിപാർശ

2230-01-103-62—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി— സംഭാവന

വിഹിതം : 1,10,00,000 രൂപ (നോൺ പ്ലാൻ)

ഇടുക്കി, തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം (ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെ), ആരോഗ്യം എന്നീ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാനുള്ള സംഖ്യ വകകൊള്ളിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ 110 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. വർഷംതോറും 5 കോടിയിലധികം രൂപ ആവശ്യമായി വരുന്ന ഒരു സാമൂഹ്യ സുരക്ഷാക്ഷേമ പദ്ധതിയായ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ സമാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക 1000 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

ശിപാർശ

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

2008-09 മുതൽ സംസ്ഥാനത്തെ എഴുത്തച്ഛൻ-ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം കൈക്കൊണ്ട് പത്തുകൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്നവർക്ക് നിലവിലുള്ള ക്ഷേമപെൻഷനുകളുടെ

നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതിയാണിത്. ലേബർ കമ്മീഷണറെയാണ് നോഡൽ ഏജന്റായി ചുമതലപ്പെടുത്തിയിട്ടുള്ളതെങ്കിലും ജില്ലകളിൽ അപേക്ഷ വിളിച്ച് അന്വേഷണം നടത്തി ജില്ലാ ലേബർ ഓഫീസ് മണിയോർഡറായി തുക അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. 2013-14-ൽ പദ്ധതി നോൺ പ്ലാൻ ശീർഷകത്തിലേക്ക് മാറ്റുകയും ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകകൊള്ളിക്കുകയും ചെയ്തിരുന്നു. 6750-ഓളം പെൻഷനേഴ്സ് ഉള്ള ഈ പദ്ധതിയിൽ 2013-14-ലെ പെൻഷൻ കുടിശ്ശികയും 2014-15 വർഷം വർദ്ധിപ്പിച്ച നിരക്കിൽ പെൻഷനും നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക 516.62 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

ശിപാർശ

2230-01-103-34—<u>കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

ശിപാർശ

2230-02-001-99—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

വിഹിതം : 40,30,91,000 രൂപ (നോൺ പ്ലാൻ)

01-4 —<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

വിഹിതം : 11,00,000 രൂപ (നോൺ പ്ലാൻ)

2013-14 സാമ്പത്തിക വർഷം വകയിരുത്തിയ 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ എല്ലാ എം.ആർ.ഐ. ക്ലെയിമുകളും അനുവദിക്കുവാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ വർഷത്തെ ക്ലെയിം ഉൾപ്പെടെ നൽകുവാൻ 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>ശിപാർശ</u>

04-1—<u>യാത്രാച്ചെലവുകൾ— യാത്രാബത്ത</u>

വിഹിതം : 8,50,000 രൂപ (നോൺ പ്ലാൻ)

2013-14 വർഷത്തെ യാത്രാപ്പടി ഉൾപ്പെടെ നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാൽ 2014-15 വർഷം അനുവദിച്ചിട്ടുള്ള തുകയ്ക്കുപുറമെ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>ശിപാർശ</u>

04-4 —<u>യാത്രാച്ചെലവുകൾ— അവധിയാത്രാനുകൂല്യം</u>

വിഹിതം : 3,30,000 രൂപ (നോൺ പ്ലാൻ)

15 വർഷം സേവനം പൂർത്തിയാക്കിയ 400-ഓളം ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നതിനാൽ ഉദ്യോഗസ്ഥർക്ക് അവധിയാത്രാ ആനുകൂല്യം നൽകുന്നതിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 7 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>ശിപാർശ</u>

05-2—<u>ഓഫീസ് ചെലവുകൾ— വൈദ്യുതി ചെലവ്</u>

വിഹിതം : 19,00,000 രൂപ (നോൺ പ്ലാൻ)

വൈദ്യുതി ചാർജിനത്തിൽ വന്ന വർദ്ധനവ് കണക്കിലെടുത്ത് ഈയിനത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>ശിപാർശ</u>

06 —<u>വാടക, കരം, നികുതി</u>

വിഹിതം : 60,00,000 രൂപ (നോൺ പ്ലാൻ)

എംപ്ലോയ്മെന്റ് വകുപ്പിന്റെ കീഴിലുള്ള അൻപത് ശതമാനത്തോളം കെട്ടിടങ്ങൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടവാടക പുതുക്കി നിശ്ചയിക്കുമ്പോൾ

ഉണ്ടാകാവുന്ന കടിശ്ശിക, ഇതുവരെ വാടക നിശ്ചയിക്കാതെ റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടകക്കുടിശ്ശിക എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2014-15 സാമ്പത്തിക വർഷം 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

ശിപാർശ

34—<u>മറ്റ് ചെലവുകൾ</u>

വിഹിതം : 3,45,000 രൂപ (നോൺ പ്ലാൻ)

സി.എൻ.വി. ആക്ട് 1959 കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെയ്യേണ്ട പെരിപ്പതറ്റിക് സർവ്വേ 2014-15 സാമ്പത്തിക വർഷം മൂന്ന് ജില്ലകളിൽ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.73 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

ശിപാർശ

97—<u>വാഹനങ്ങളുടെ വാടക</u>

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടിപ്പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്സ്, ശരണ്യ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്റേണൽ ഓഡിറ്റ് ശാക്തീകരിക്കുക, തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുക, ഇ.എം.ഐ., വൊക്കേഷൻ ഗൈഡൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയിലേക്കായി 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിനായി ആരംഭിച്ച ഈ ഉപശീർഷകത്തിൽ 1,000 രൂപയേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ ഈയിനത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

ശിപാർശ

99—<u>വിവരസാങ്കേതികവിദ്യ</u>

വിഹിതം : 7,00,000 രൂപ (നോൺ പ്ലാൻ)

കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസിനായി 2014-15 വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

ശിപാർശ

2230-02-001-98—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം</u>

വിഹിതം : 2,50,00,000 രൂപ (പ്ലാൻ)

നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നൽകുന്ന സേവനങ്ങൾ ഓൺലൈനായി നൽകുവാൻ വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് കെ.എസ്.ഐ.റ്റി.എം.-മായി കരാർ ആയിട്ടുണ്ടെന്നും സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും ആട്ടോമേറ്റഡ് ഓഫീസ് സംവിധാനത്തിലേക്ക് മാറ്റുന്നതിന് 2014-15 സാമ്പത്തിക വർഷം ലക്ഷ്യമിടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പഴയ കമ്പ്യൂട്ടറുകളും പ്രിന്ററുകളും മാറ്റി സ്ഥാപിക്കേണ്ടതും ആവശ്യമാണ്. പ്രസ്തുത ആവശ്യങ്ങൾക്കായി 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 60.02 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

ശിപാർശ

2230-02-101-89—<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ</u>

വിഹിതം : 48,24,000 രൂപ (നോൺ പ്ലാൻ)

എറണാകുളം, കോഴിക്കോട് എന്നീ സി.ജി.സി.കളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തേക്ക് 34—മറ്റു ചെലവുകൾ എന്ന ഇനത്തിൽ 2.60 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 2.33 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി,

പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്നതാകയാൽ സി.ജി.സി.കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ 27,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

ശിപാർശ

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയ്ബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

വിഹിതം : 2,70,00,000 രൂപ (പ്ലാൻ)

2014-15 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള 270 ലക്ഷം രൂപ വിനിയോഗിച്ച് സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള 5 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വേണ്ടിയുള്ള തുടർചെലവുകൾക്കായി ഈ ശീർഷകത്തിൽ 280 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

ശിപാർശ

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആൻറ് എംപ്ലോയ്മെന്റ് സഹായധനം

വിഹിതം : 1,75,00,000 രൂപ (പ്ലാൻ)

കിലെ-യെ ദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്തി തൊഴിൽ ഭവനിൽ കിലെ-യ്ക്ക് അനുവദിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസായി ഉപയോഗിക്കുന്നതിനും പുറത്ത് അക്കാദമിക് കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യങ്ങളോടുകൂടി ഒരു സംവിധാനം സംഘടിപ്പിക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനും, ആദ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, കില -യുടെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും, ആധുനികവൽക്കരണത്തിനും, ഇ-ഗവേർണൻസിനും, പുതിയ മേഖലകളിൽ ഗവേഷണം, കാലോചിതമായ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ 10151 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

ശിപാർശ

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്—സഹായധനം

വിഹിതം : 18,15,000 രൂപ (നോൺ പ്ലാൻ)

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾക്കുമായി 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.05 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

ഊർജ്ജ വകുപ്പ്

ശിപാർശ

2810-00-800-99—ഗ്രാമീണ സാങ്കേതികവിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം

വിഹിതം : 2,46,56,000 രൂപ (നോൺ പ്ലാൻ)

അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാച്ചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കുള്ള തുകയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത ചെലവുകൾക്ക് ഈ തുക അപര്യാപ്തമാണ്. TESM പദ്ധതി നിർത്തലായതോടുകൂടി മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള തുക നിർത്തലാക്കിയിരിക്കുന്നതിനാൽ 338.84 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

ആര്യാടൻ മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 ജൂലൈ 20.